**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3688** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷക സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ക്ഷീരകർഷകർ നിലവിലുണ്ടെന്നും ക്ഷീരകർഷകരുടെ ഉന്നമനത്തിനായി എത്ര ക്ഷീര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾ വഴി 2021-22 കാലയളവിൽ എത്ര പേർക്ക് സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിൽ 3.97 ലക്ഷം കർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലെ കണക്ക് പ്രകാരം കേരളത്തിൽ 3634 പ്രഥമിക ക്ഷീരസഹകരണ സംഘങ്ങളാണുള്ളത്.<br><br>2021-22 കാലയളവിൽ 412211 കർഷകർക്ക് വകുപ്പുതല പദ്ധതികൾ വഴി സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളിൽ എത്ര രജിസ്റ്റേഡ് ക്ഷീരകർഷകർ അംഗങ്ങളാണ്; ഈ കർഷകർക്ക് എല്ലാ വർഷവും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുവെന്ന് വിശദമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ ക്ഷീരസഹകരണ സംഘങ്ങളിൽ 47290 രജിസ്റ്റേർഡ് ക്ഷീരകർഷകർ അംഗങ്ങളുണ്ട്. ക്ഷീരകർഷകർക്ക് വർഷം തോറും നൽകിവരുന്ന ആനുകൂല്യങ്ങൾ താഴെ പറയും പ്രകാരമാണ്.<br><br>1. ത്രിതല പഞ്ചായത്തുകൾ വഴി ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ ഒഴിക്കുന്ന പാലിന് ഒരു ലിറ്റർ പാലിന് പരമാവധി 3/- രൂപ നിരക്കിൽ മിൽക്ക് ഇൻസെന്റീവ് നൽകിവരുന്നു.<br>2. പഞ്ചായത്ത് പദ്ധതികൾ പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നു. **തീറ്റപ്പുൽകൃഷി ധനസഹായം**<br>3. 20 സെന്റ് സ്ഥലത്തിനു മുകളിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ധനസഹായം, 20 സെന്റിന് താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ നൽകുന്നു.<br>4. ഒരു ഏക്കറിൽ താഴെയുള്ള തീറ്റപ്പുൽകൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം.<br>5. ഒരു ഏക്കറിന് മുകളിൽ തീറ്റപ്പുൽകൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം. |

6. തരിശ്ശ് നിലത്ത് തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള ധനസഹായം
7. തീറ്റപ്പുൽകൃഷി യന്ത്രവത്ക്കരണത്തിനായി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി
8. കാലിത്തീറ്റയ്ക്കായി വൃക്ഷവിളകൾ കൃഷിചെയ്യുന്നതിന് ധനസഹായം
9. ഹൈഡ്രോപോണിക്സ് തീറ്റപ്പുൽകൃഷി പദ്ധതി
10. മക്കചോളം കൃഷി ചെയ്യുന്നതിന് ധനസഹായം
11. മക്കചോളം, പയർ, കോംഗോസിഗ്നൽ മുതലായവയുടെ വിത്തുകൾ സൗജന്യമായി നൽകുന്നു.
12. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം വഴിയുള്ള വിവിധ ധനസഹായ പദ്ധതികൾ

**റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസ്**

13. ക്ഷീരകർഷക സംഗമങ്ങൾ ജില്ലാതലത്തിലും, ബ്ലോക്ക് തലത്തിലും കർഷക ബോധവൽക്കരണത്തിനും വിജ്ഞാനവ്യാപനത്തിനുമായി സംഘടിപ്പിക്കുന്നു.
14. വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് കർഷകർക്ക് അറിയിപ്പ് നൽകുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി സംഘടിപ്പിക്കുന്നു.

**സ്ട്രെങ്തനിംഗ് ക്വാളിറ്റി കൺട്രോൾ ആക്ടിവിറ്റീസ്**

15. സ്ട്രെങ്തനിംഗ് ഓഫ് ക്വാളിറ്റി കൺട്രോൾ ആക്ടിവിറ്റീസിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് തൊഴുത്ത്, തറ എന്നിവയുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് ധനസഹായം നൽകുന്നു. **ക്ഷീരകർഷക ക്ഷേമനിധി**
16. അർഹതയുള്ള ക്ഷീരകർഷകർക്ക് പ്രതിമാസം 1600/- രൂപ പെൻഷൻ
17. ക്ഷീരകർഷക ക്ഷേമനിധി മുഖേന കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു. **ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി**
18. ക്ഷീരസാന്ത്വനം പദ്ധതി പ്രകാരം ക്ഷീരകർഷകർക്കും സംഘം ജീവനക്കാർക്കും പശുക്കൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ